# കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ ചെറുക്കുക

## സാമ്പത്തിക മാന്ദ്യം

മോഡി ഭരണത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച മാന്ദ്യത്തിലാണ്. 2015- 16 ൽ 8 ശതമാനം, 2016- 17 ൽ 7 ശതമാനം, 2017-18 ൽ 6.5 ശതമാനം എന്നിങ്ങനെയാണ് ജിഡിപി വളർച്ചാ നിരക്ക്. വികസനം എന്ന മുദ്രാവാക്യമുയർത്തിയാണ് മോഡി സർക്കാർ അധികാരത്തിൽ വന്നത്. അധികാരമേറ്റ ശേഷം മെയ്ക്ക് ഇൻ ഇന്ത്യ- ഡിജിറ്റൽ ഇന്ത്യ- സ്റ്റാർട് അപ് ഇന്ത്യ- തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി മോഡി ഉലകം ചുറ്റി. വൻതോതിൽ വിദേശ നിക്ഷേപം രാജ്യത്തേക്ക് വരുമെന്ന് പ്രചരിപ്പിച്ചു. മൂന്ന് വർഷം പൂർത്തിയാകാറായ ഘട്ടത്തിലെ യഥാർത്ഥ സ്ഥിതിയാണ് ഇപ്പോൾ പുറത്ത് വന്നത്. കഴിഞ്ഞ ദിവസം പാർലമെന്റിൽ ധനകാര്യമന്ത്രി അവതരിപ്പിച്ച സാമ്പത്തിക സർവേ റിപ്പോർട്ടിൽ കാണുന്നത് രാജ്യം മാന്ദ്യത്തിലാണ് എന്നാണ്.

ഇന്ത്യയുടെ അനൗപചാരിക മേഖല വലിയ തകർച്ച നേരിടുകയാണ്. 460 ദശലക്ഷം തൊഴിലാളികളിൽ 90 ശതമാനവും അനൗപചാരിക മേഖലയിലാണ്. അവരിൽ ഭൂരിപക്ഷവും മിനിമം കൂലി പോലും ലഭിക്കാത്തവരും യാതൊരു സാമൂഹ്യ സുരക്ഷാ പദ്ധതികളുടെയും ആനുകൂല്യം ലഭിക്കാത്തവരുമാണ്. നോട്ടു നിരോധനവും ജിഎസ്ടിയും അനൗപചാരിക മേഖലക്ക് കനത്ത ആഘാതമായി. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, വലിയ തോതിൽ അടച്ചുപൂട്ടി. നോട്ടു നിരോധിക്കുമ്പോൾ പ്രതീക്ഷിച്ചിരുന്നത് 4-5 ലക്ഷം കോടി രൂപയുടെ പഴയ നോട്ടുകൾ ബാങ്കുകളിൽ തിരിച്ചെത്തില്ല എന്നായിരുന്നു. എന്നാൽ നിരോധിക്കപ്പെട്ട നോട്ടുകൾ ഏതാണ്ട് മുഴുവൻ ബാങ്കുകളിൽ തിരിച്ചെത്തി. കള്ളപ്പണം കള്ളനോട്ട് തടയൽ എന്ന അവകാശവാദം തകർന്ന് ജനങ്ങൾക്ക് ദുരിതം മാത്രം ബാക്കിയായി.

വ്യവസായ മേഖല വലിയ മാന്ദ്യത്തിലാണ്. അടിസ്ഥാന വ്യവസായ മേഖല കഴിഞ്ഞ 3 വർഷവും വളർച്ചാ മുരടിപ്പിലാണ്. സാമ്പത്തിക സർവേയിൽ പറയുന്നത് വ്യവസായ വളർച്ചാ നിരക്ക് 4.4 ശതമാനം മാത്രമാണെന്നാണ്. കാർഷിക മേഖലാ വളർച്ച 2.1 ശതമാനം മാത്രമാണ്. കഴിഞ്ഞ വർഷങ്ങളിൽ 1.7 ശതമാനം തോതിലായിരുന്നു വളർച്ച. കാർഷിക മേഖലയിൽ സർക്കാർ നിക്ഷേപം കുറഞ്ഞതും സംഭരണം നടത്താതിരുന്നതും കൃഷിയെ പ്രതിസന്ധിയിലാക്കി. ഉൽപാദന ചെലവിന്റെ പകുതി കൂടി ചേർത്ത് സംഭരണ വില നിശ്ചയിക്കുമെന്ന വാഗ്ദാനം നിറവേറ്റിയില്ല. ഉൽപാദന ചെലവ് ഉയരുകയും ഉൽപന്ന വിലയിടിയുകയും ചെയ്തതിനാൽ കൃഷിക്കാർ ദുരിതത്തിലായി. സവാള കൃഷിക്കാരും, ഉരുളക്കിഴങ്ങ് കർഷരും അവരുടെ ഉൽപന്നങ്ങൾ മാർക്കറ്റിൽ ഉപേക്ഷിച്ച് പോയി. അത്രയും ചുരുങ്ങിയ വിലയാണ് ലഭിച്ചത്. ആത്മഹത്യയല്ലാതെ മറ്റ് പോംവഴി ഇല്ലാത്ത അവസ്ഥയിലാണ് കർഷകർ.

വ്യവസായ- കാർഷിക മേഖലകളിലെ തകർച്ച വലിയ തോതിൽ തൊഴിൽ നഷ്ടപ്പെടാനിടയാക്കി. ഗ്രാമങ്ങളിലെ കാർഷിക തൊഴിലാളികൾ തൊഴിൽ തേടി നഗരങ്ങളിലേക്ക് കുടിയേറി. ചെറുകിട- അസംഘടിത മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ, വഴിയാധാരമായി. മോഡി വാഗ്ദാനം ചെയ്ത "നല്ല ദിനങ്ങൾ" ഇതായിരുന്നു.

ഈ സാഹചര്യത്തിലും വൻകിട കോർപറേറ്റുകൾക്ക് വലിയ നേട്ടം കൊയ്യാനായി. ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് 2017 ൽ ജനസംഖ്യയിലെ മുകൾത്തട്ടിലുള്ള 1 ശതമാനം ജനങ്ങൾ (1.33 കോടി) രാജ്യത്തെ സമ്പത്തിന്റെ 73 ശതമാനം കയ്യടക്കി. തലേവർഷം ഇത് 58 ശതമാനമായിരുന്നു. ലോകത്ത് സാമ്പത്തിക അസമത്വം ഏറ്റവും വർധിച്ച രാജ്യമായി മാറി ഇന്ത്യ.

കോർപറേറ്റുകളുടെ ബാങ്ക് കടം 2014 ഡിസംബറിൽ 2.6 ലക്ഷം കോടി രൂപയായിരുന്നത് 2017 സെപ്തംബറിൽ 8.37 ലക്ഷം കോടിയായി ഉയർന്നു. നോട്ട് നിരോധനവും കൂടി വന്നപ്പോൾ ബാങ്കുകൾ പ്രതിസന്ധിയിലായി.